**ഓപ്പറേഷൻ ബ്രഹ്മ - മ്യാൻമറിനുള്ള പിന്തുണ തുടരുന്നു**
**(ഏപ്രിൽ 16, 2025)**

ഏപ്രിൽ 16, 2025

'ഓപ്പറേഷൻ ബ്രഹ്മ' എന്ന പേരിൽ മ്യാൻമറിലേക്ക് ദുരിതാശ്വാസ സാമഗ്രികളും മാനുഷിക സഹായങ്ങളും വിതരണം ചെയ്യുന്നതിന്റെ തുടർച്ചയായി ഏകദേശം 50 ടൺ ഭാരം വരുന്ന 20 ഓഫീസുകൾക്കുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ഘടകങ്ങൾ IAF C-17 ൽ 2025 ഏപ്രിൽ 15 ന് മ്യാൻമറിലേക്ക് അയച്ചു. ന്യേപിഡോയിലെ വിവിധ മന്ത്രാലയങ്ങൾക്കുള്ള താൽക്കാലിക ഓഫീസുകളായി ഈ ഘടനകൾ ഉപയോഗിക്കും. 60-പാര ഫീൽഡ് ആശുപത്രിയിലെ ഡോക്ടർമാരെയും മെഡിക്കൽ ജീവനക്കാരെയും സേവനം പൂർത്തിയാക്കിയശേഷം തിരികെ കൊണ്ടുവരാൻ രണ്ട് IAF C-17 വിന്യസിക്കപ്പെട്ടു. 200-കിടക്കകളുള്ള ഈ ഫീൽഡ് ആശുപത്രിയിൽ കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ 2519 രോഗികൾക്ക് വിജയകരമായി ചികിത്സ നൽകി.

2. മാർച്ച് 28 ന് മ്യാൻമറിലുണ്ടായ ഭൂകമ്പത്തിൽ ആദ്യം പ്രതികരിച്ച രാജ്യമെന്ന നിലയിൽ ഇന്ത്യ ഓപ്പറേഷൻ ബ്രഹ്മയിലൂടെ ഏകദേശം 750 മെട്രിക് ടൺ ദുരിതാശ്വാസ സാമഗ്രികൾ നൽകി, ഇതിൽ അവശ്യ മരുന്നുകൾ, ഭക്ഷ്യധാന്യങ്ങൾ, റെഡി-ടു-ഈറ്റ് ഭക്ഷണം, ടെന്റുകൾ, പുതപ്പുകൾ, ജനറേറ്റർ, അതിവേഗം വിന്യസിക്കാവുന്ന സർജിക്കൽ, മെഡിക്കൽ ഷെൽട്ടർ, ജല ശുചീകരണ, ശുചിത്വ സേവനങ്ങൾ, കുടിവെള്ളം, അവശ്യ വസ്ത്രങ്ങൾ, 20 പ്രീഫാബ്രിക്കേറ്റഡ് ഓഫീസ്/റെസിഡൻഷ്യൽ ഘടനകൾ എന്നിവയുൾപ്പെടുന്നു, കൂടാതെ, 80-അംഗ NDRF ഹെവി അർബൻ സെർച്ച് ആൻഡ് റെസ്ക്യൂ സ്പെഷ്യലിസ്റ്റ് ടീമും 127-അംഗ ഇന്ത്യൻ ആർമി ഫീൽഡ് ഹോസ്പിറ്റൽ ടീമും ഉൾപ്പെടുന്ന മാനുഷിക സഹായവും എത്തിച്ചുകൊടുത്തു.

3. മ്യാൻമറിന് നൽകിയ മാനുഷിക സഹായവും ദുരന്ത നിവാരണ സാമഗ്രികളും മ്യാൻമറിലെ ജനങ്ങൾക്കൊപ്പം നിൽക്കാനും ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിൽ അവരെ പിന്തുണയ്ക്കുന്നത് തുടരാനുമുള്ള ഇന്ത്യയുടെ സന്നദ്ധതയെ പ്രതിഫലിപ്പിക്കുന്നു.

**ന്യൂഡൽഹി**

**ഏപ്രിൽ 16, 2025**